പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 610 03/03/2020 - ൽ മറുപടിക്ക്

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ട്; ഇവയുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ; | എ) | 2019-ലെ സ്ഥിതി വിവരക്കണക്ക് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ 421 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. ഇവയിൽ 412 സംഘങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത 412 സംഘങ്ങളിൽ 364 എണ്ണം പട്ടിക ജാതി സംഘങ്ങളും, 48 എണ്ണം പട്ടിക വർഗ്ഗ സംഘങ്ങളുമാണ്. |
| ബി) | ഇത്തരം സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ? | ബി) | ഇത്തരം സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സഹകരണ വകുപ്പ് വിവിധ പദ്ധതി സ്കീമുകളിലൂടെ ഓഹരി, സബ്സിഡി ഇനങ്ങളിൽ പ്രസ്തുത സംഘങ്ങൾക്ക് ധനസഹായങ്ങൾ നൽകി വരുന്നു. ധനസഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-<br>1. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി 4 (നാല്) ലക്ഷം രൂപ അനുവദിച്ച് വരുന്നു.<br>2. പ്രസ്തുത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി പുനരുദ്ധാരണ പദ്ധതി പ്രകാരം ഓഹരി മൂലധനമായി 5 ലക്ഷം രൂപയും, സബ്സിഡിയായി 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 (ഇരുപത്) ലക്ഷം രൂപ അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | **3.** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് ഓഹരി മൂലധനമായി 1,50,000/- രൂപയും സബ്സിഡിയായി 3,50,000/- രൂപയും ഉൾപ്പെടെ ആകെ 5 (അഞ്ച്) ലക്ഷം രൂപ അനുവദിച്ചു വരുന്നു.<br>**4.** വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് പട്ടികജനവിഭാഗത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഓഹരിമൂലധനമായി 10 ലക്ഷം രൂപയും സബ്സിഡിയായി 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 (നാൽപ്പത്) ലക്ഷം രൂപ സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത പദ്ധതികൾക്കു പുറമേ പൊതുവിൽ പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തി നായി പുനർജ്ജനി എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**